# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം.1015 | 12/07/2016 -ൽ മറുപടിയ്ക്ക്

## പുതിയ ജൈവ കൃഷി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ** | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് 2011-2016 കാലഘട്ടത്തിൽ നടപ്പാക്കിയതെന്ന് വിശദമാക്കുമോ; | എ) കേരള കാർഷിക സർവ്വകലാശാലയുടെ പരീക്ഷണങ്ങളിലൂടെ ഇതര സംസ്ഥാനങ്ങിൽ നിന്നും വരുന്ന പച്ചക്കറിയിൽ ഉയർന്ന അളവിൽ കീടനാശിനികൾ അടങ്ങിയിരിക്കുന്നതായി കണ്ടെത്തി. ഇത് പ്രസിദ്ധീകരിച്ച ശേഷം അച്ചടി-ദൃശ്യമാധ്യമങ്ങളിലൂടെ ധാരാളം പ്രചരണം ലഭിക്കുകയുണ്ടായി. കൂടാതെ ആരോഗ്യ-സാമൂഹ്യ പ്രവർത്തകരും, പൊതുജനങ്ങളിൽ ധാരാളം അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചു. അത് മൂലം ജനങ്ങൾ ജൈവ കൃഷിയിലേക്ക് ആകൃഷ്ടരാവുകയും വീട്ടാവശ്യത്തിനുള്ള പച്ചക്കറി സ്വയം ഉല്പാദിപ്പിക്കുവാൻ തുടങ്ങുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ 2015-16 വർഷം എല്ലാ ജില്ലകളിലും ജൈവ സന്ദേശ കൃഷി യാത്ര സംഘടിപ്പിച്ചു. |
| ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ;എങ്കിൽ വിശദമാക്കാമോ? | ബി) ഉണ്ട്. 50,000 ഹെക്ടറിൽകൂടി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ |

ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും വേണ്ടിയുള്ള വിവിധ നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കീടനാശിനികളുടെ വിതരണവും, വിൽപ്പനയും കർശനമായി നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വില്പന വർദ്ധിപ്പിക്കുന്നതിനായുള്ള കീടനാശിനി കമ്പനികളുടെ പ്രവർത്തനങ്ങൾ കർശനമായി നിയന്ത്രിക്കുന്നതാണ്.

S. [signature]

**സെക്ഷൻ ഓഫീസർ**